## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *166**

**7.03.2018 - ൽ മറുപടിയ്ക്ക്**

### പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.വി.പി. സജീന്ദ്രൻ**<br>**ശ്രീ. വി.ടി. ബൽറാം**<br>**ശ്രീ.അനിൽ അക്കര** | **ശ്രീ.പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| **എ)** ഗൾഫ് രാജ്യങ്ങളിൽ ജോലി തേടി പോകുന്നവർ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് എത്ര രൂപയാണ് അപേക്ഷാ ഫീസായി അടയ്ക്കേണ്ടതെന്നും എന്ത് ആവശ്യത്തിനാണെന്ന് തെളിയിക്കുന്ന രേഖ അപേക്ഷയോടൊപ്പം ഹാജരാക്കണമോയെന്നും വിശദമാക്കുമോ; | **എ)** പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് അതാത് പോലീസ് സ്റ്റേഷനുകളിൽ 500 രൂപയാണ് അപേക്ഷാ ഫീസായി അടക്കേണ്ടത്. അപേക്ഷകന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്, മേൽ വിലാസം തെളിയിക്കുന്ന രേഖ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ കൂടാതെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണ് എന്നതിനെക്കുറിച്ചുള്ള വിവരം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം. |
| **ബി)** പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകുന്നതിന് സെക്രട്ടേറിയറ്റിലെ ആഭ്യന്തരവകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെന്ന് അറിയിക്കുമോ; | **ബി)** ഗൾഫ് ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളിൽ ജോലി തേടുന്നവരുടെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ നോട്ടറി അഡ്വക്കേറ്റ് അറ്റസ്റ്റ് ചെയ്ത് ടി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ സഹിതം വെള്ള പേപ്പറിൽ അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റ് ഒന്നിന് 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സമർപ്പിക്കേണ്ടതും ടി അപേക്ഷ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം അറ്റസ്റ്റ് ചെയ്ത് അന്നേ ദിവസം തന്നെ അപേക്ഷകർക്ക് മടക്കി നൽകുന്നു. മറ്റ് വിദേശ രാജ്യങ്ങളിൽ ജോലി തേടുന്നവർ സമർപ്പിക്കുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ എ.ഡി.ജി.പി. (ഇന്റലിജൻസ്)ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിൽ അറ്റസ്റ്റ് ചെയ്ത് നൽകുന്നു. |

**സി)** മറ്റ് ജില്ലകളിൽ നിന്നും ഇതിനായി തലസ്ഥാനത്ത് എത്തുന്നവർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് ഉടൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**സി)** മറ്റു ജില്ലകളിൽ നിന്നും തലസ്ഥാനത്ത് എത്തുന്നവരുടെ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും, ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റു ചെയ്യുവാനായി വരുന്നവരുടെ അപേക്ഷകൾ സ്വീകരിക്കുന്നത് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര കേന്ദ്രത്തിലെ 10 കൗണ്ടറുകളിലൂടെയാണ്. ഈ പ്രത്യേക സംവിധാനം വഴി സ്വീകരിക്കുന്ന അപേക്ഷകൾക്ക് ടോക്കൺ നൽകിയ ശേഷം അപേക്ഷകൾ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ സൂക്ഷ്മ പരിശോധന നടത്തി അറ്റസ്റ്റ് ചെയ്ത് അതാതു ദിവസം ഉച്ചയ്ക്ക് ശേഷം അപേക്ഷകർക്ക് മടക്കി നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**